<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3744</u> <u>27-06-2024 - ൽ മറുപടിയ്ക്ക്</u>

<u>സേഫ് കേരള പദ്ധതി യിലെ എ.എം.വി.ഐ, എം.വി.ഐ, ആർ.ടി.ഒ. തസ്തികകൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2022 ജനുവരി മുതൽ 2024 മെയ് 31 വരെ സംസ്ഥാനത്ത് ആകെ റോഡപകടങ്ങളും അതുമൂലമുള്ള മരണങ്ങളും എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | അനുബന്ധം(I) മായി ചേർക്കുന്നു. |
| (ബി) | സേഫ് കേരള സ്ക്വാഡ് വരുന്നതിന് മുൻപ് മോട്ടോർ വാഹന വകുപ്പിൽ എത്ര സ്ക്വാഡുകൾ ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | അനുബന്ധം(I1) മായി ചേർക്കുന്നു. |
| (സി) | മോട്ടോർ വാഹന വകുപ്പിലെ എ.എം.വി.ഐ. മാരുടെ കുറവ് സേഫ് കേരള പദ്ധതിയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | മോട്ടോർ വാഹന വകുപ്പിലെ അസിസ് സ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കുറവ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ കാലാ കാലങ്ങളിലുണ്ടാകുന്ന അസിസ്റ്റന്റ് മോട്ടർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ നേരിട്ട് നികത്തുന്നതിന് പി എസ് സി യിലേക്ക് റിപ്പോർട്ട് ചെയ്യുകയും തസ്തികമാറ്റം വഴി നികത്തുന്നതിന് നോട്ടിഫിക്കേഷൻ പുറത്തിറക്കി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സേഫ് കേരള പദ്ധതിയിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ച വരുന്നു. |
| (ഡി) | സേഫ് കേരള പദ്ധതിയിൽ പുതുതായി വന്ന എ.എം.വി.ഐ, എം.വി.ഐ, ആർ.ടി.ഒ. തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | G.O(Ms.)NO.42/2018/Tran dated 04.0 6.2018 പ്രകാരം സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനായി 10 ആർ.ടി. ഓഫീസർ, 65 മോട്ടോർ വെഹി ക്കിൾ ഇൻസ്പെക്ടർ, 187 അസിസ്റ്റന്റ് മ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എ ന്നിവരുടെ ആകെ 262 അധിക തസ്തിക കൾ സൃഷ്ടിച്ച് ഉത്തരാവായിട്ടുണ്ട്. |
| (ഇ) | സേഫ് കേരള വഴി നിയമിതമായ ഉദ്യോഗസ്ഥരെ ഓഫീസിലേക്ക് മാറ്റുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; ഇവരെ ഓഫീസിലേക്ക് മാറ്റുമ്പോൾ ഒഴിവു വരുന്ന തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ; സേഫ് | (ഇ) | 04.012019 ലെ സഉ.(കൈ)നം.1/2019/ ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം മോട്ടോർ വാഹനവകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന എ.എം.വി.ഐ./ എം.വി.ഐ. മാ രെ സേഫ് കേരള പ്രോജക്ട് സ്ക്വാഡിൽ നിയമിക്കേണ്ടതാണ്. പുതിയ എ.എം.വി. ഐ./എം.വി.ഐ. മാർ സ്ക്വാഡിൽ നി യമിക്കുന്ന |

| | | | |
|---|---|---|---|
| | കേരള പദ്ധതിയിൽ എ.എം.വി.ഐ, എം.വി.ഐ, ആർ.ടി.ഒ. എന്നീ തസ്തികകളിൽ ആകെ എത്ര പേർ വീതം ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ? | | വേളയിലോ നിശ്ചിത കാലാവധി പൂർത്തിയാക്കുന്ന വേളയിലോ (എം.വി .ഐ. മാർ 2 എ.എം.വി.ഐ.മാർ 3 വർ ഷം) ഏതാണ് ആദ്യം അതുവരെ സ്ക്വാഡുകളിൽ തുടരേണ്ടതും, പുതിയ എ.എം. വി.ഐ./ എം.വി.എം.മാർ ജോലിക്ക് ഹാജരായ ശേഷം ഏറ്റവും സീനിയറായ എ എംവി ഐ/എം വി ഐ അവർ സ്ക്വാഡുകളിൽ തുടരാൻ ഉദ്ദേശിക്കാത്ത പക്ഷം സീനിയോരിറ്റി ക്രമം പാലിച്ച് വകുപ്പിലെ മറ്റ് ഓഫീസുകളിലേക്ക് നിയമിക്കുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ വകുപ്പിലെ എല്ലാ എ.എം.വി.ഐ./എം .വി.ഐ. മാർക്കും എൻഫോഴ്സ്മെന്റ് സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 09.0 5.2023 — ലെ G.O(Rt.)NO.173/2023/Trans നമ്പർ ഉത്തരവ് പ്രകാരം വരുത്തി യ ഭേദഗതി പ്രകാരം സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ 3 വർഷം സേവനകാലാവധി പൂർത്തിയാക്കിയ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ /അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ (ഏപ്രിൽ 30 നിലയിൽ ) എന്നിവർക്ക് ഫീൽഡ് ഓഫീസുകളിലേക്കും, ഫിൽഡ് ഓഫീസുകളിലെ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ/ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ എന്നിവർ സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിലേക്കും, നിശ്ചിത കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്തവർക്ക് എൻഫോഴ്സ്മെന്റ് സ്ക്വാഡി ലെ തന്നെ മറ്റ് ഓഫിസുകളിലേയ്ക്കും പൊതുസ്ഥലം മാറ്റത്തിനുള്ള ഓപ്ഷൻ നൽകുവാൻ കഴിയുന്ന തരത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ ഓഫീസിലേക്കുള്ള നിയമനം റോഡ് സുരക്ഷാ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തന മികവ് വിലയിരുത്തി പരിഗണിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സേഫ് കേരള പദ്ധതിയിൽ നിലവിൽ ജോലിചെയ്യുന്ന ആർ.ടി ഓഫീസർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നിവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (III) മായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| നം | ജില്ല | അപകടങ്ങളുടെ എണ്ണം | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|---|
| | തിരുവനന്തപുരം | 13316 | 1208 |
| | കൊല്ലം | 9673 | 995 |
| | പത്തനംതിട്ട | 4368 | 468 |
| | ആലപ്പുഴ | 9581 | 886 |
| | കോട്ടയം | 7924 | 688 |
| | ഇടുക്കി | 2969 | 251 |
| | എറണാകുളം | 16824 | 1202 |
| | തൃശ്ശൂർ | 11832 | 1016 |
| | പാലക്കാട് | 6826 | 819 |
| | മലപ്പുറം | 7759 | 761 |
| | കോഴിക്കോട് | 11091 | 855 |
| | വയനാട് | 2063 | 186 |
| | കണ്ണൂർ | 6678 | 513 |
| | കാസർഗോഡ് | 2674 | 264 |
| | ആകെ | 113578 | 10112 |

# <u>അനുബന്ധം II</u>

| നം. | ജില്ല | സ്ക്വാഡുകളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 4 |
| 2. | കൊല്ലം | 3 |
| 3. | പത്തനംതിട്ട | 2 |
| 4. | ആലപ്പുഴ | 2 |
| 5. | കോട്ടയം | 2 |
| 6. | ഇടുക്കി | 2 |
| 7. | എറണാകുളം | 4 |
| 8. | തൃശ്ശൂര് | 3 |
| 9. | പാലക്കാട് | 2 |
| 10. | മലപ്പുറം | 2 |
| 11. | കോഴിക്കോട് | 4 |
| 12. | വയനാട് | 1 |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 1 |
| | ആകെ | 34 |

# അനുബന്ധം III

| ക്രമ. നം | ജില്ല | എ.എം.വി.ഐ. | എം.വി.ഐ. | ആർ.ടി.ഒ. |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 23 | 9 | 1 |
| 2. | കൊല്ലം | 18 | 8 | 1 |
| 3. | പത്തനംതിട്ട | 15 | 6 | 1 |
| 4. | ആലപ്പുഴ | 15 | 6 | 1 |
| 5. | കോട്ടയം | 15 | 6 | 1 |
| 6. | ഇടുക്കി | 16 | 6 | 1 |
| 7. | എറണാകുളം | 24 | 9 | 1 |
| 8. | തൃശ്ശൂർ | 17 | 8 | 1 |
| 9. | പാലക്കാട് | 16 | 6 | 1 |
| 10. | മലപ്പുറം | 17 | 7 | 1 |
| 11. | കോഴിക്കോട് | 21 | 9 | 1 |
| 12. | വയനാട് | 7 | 4 | 1 |
| 13. | കണ്ണൂർ | 17 | 7 | 1 |
| 14. | കാസർഗോഡ് | 7 | 4 | 1 |